(സി) ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിലെ ബജറ്റ് വിഹിതവും ഫണ്ടുലഭ്യതയും അനുസരിച്ച് മുൻഗണനാക്രമത്തിലാണ് ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകിവരുന്നത്.

കെ. വിനോദ്കുമാറിന് വേതനം നൽകുന്നതിന് നടപടി

118 [1057] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി സെക്ഷന്റെ കീഴിൽ നടമ്മൽകടവ് പമ്പ്ഹൗസിൽ 158 ദിവസം ജോലി ചെയ്ത കെ. വിനോദ്കുമാർ, കൊല്ലരുകണ്ടിയിൽ വീട്, പി. ഒ. പടനിലം എന്നയാൾക്ക് അർഹതപ്പെട്ട വേതനം ഇന്നേവരെ നൽകിയിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വേതനം എന്ന് കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കൊടുവള്ളി സെക്ഷന്റെ കീഴിൽ നടമ്മൽകടവ് പമ്പ്ഹൗസിൽ കൊല്ലരുകണ്ടിയിൽ വിനോദ്കുമാർ എന്നയാൾ ജോലി ചെയ്തതായി ഒരു രേഖയും ഇല്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

2005-ലെ വരൾച്ചാ നിവാരണപ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക

119 [1058] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ വരൾച്ചാ നിവാരണപ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു;

(ബി) ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തുണ്ടാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ 2005-ലെ വരൾച്ചാ നിവാരണ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly